# എറണാകുളം റൂറൽ ജില്ല മുഴുവൻ വാഹനപരിശോധന കർശനമാക്കി

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുവാനായി എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ്- അവർകളുടെ ഉത്തരവ് പ്രകാരം റൂറൽ ജില്ലയിൽ മുഴുവനും ഇന്നലെ (21.01.2017) വാഹന പരിശോധനയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഡ്രൈവ് നടത്തി.

എറണാകുളം റൂറൽ ജില്ലയിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഇന്നലെ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ആകെ 890 കേസുകൾ രജിസ്റ്റർ ചെയ്തു.

മദ്യപിച്ച് വാഹനം ഓടിച്ചതിന് 231 കേസുകളും, അലക്ഷ്യമായി വാഹനം ഓടിച്ചതിന് 96 കേസുകളും, ഹെൽമറ്റ് ധരിക്കാത്തതിന് 543 കേസ്സുകളും, എയർഹോൺ ഉപയോഗിച്ചതിന് 8 കേസുകളും, മൊബൈൽഫോൺ ഉപയോഗിച്ച് വാഹനമോടിച്ചതിന് 12 കേസ്സുകളുമാണ് രജിസ്റ്റർ ചെയ്തത്.

കഴിഞ്ഞ ആഴ്ച നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 1318 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു.

മദ്യപിച്ച് വാഹനം ഓടിച്ച കേസുകളിലും മൊബൈൽഫോൺ ഉപയോഗിച്ച് വാഹനമോടിച്ച കേസുകളിലും കൃത്യവാഹനം ബന്ധവസ്സിലെടുത്ത് കോടതിക്ക് സമർപ്പിക്കുവാനും ജില്ല പോലീസ് മേധാവി ഉത്തരവിട്ടിട്ടുണ്ട്.

ഇനിയും കർശനമായ വാഹന പരിശോധന ഉൾപ്പടെയുള്ള ഇത്തരം സ്പെഷ്യൽ ഡ്രൈവുകൾ തുടരുമെന്ന് ജില്ല പോലീസ് മേധാവി അറിയിച്ചു.